## കേരള സർക്കാർ

No.10054/എഎ 3/14/തസ്വഭവ

തദ്ദേശ സ്വയം ഭരണ (എഎ) വകുപ്പ്
തിരുവനന്തപുരം, തീയതി 03.12.2014

## സർക്കുലർ

വിഷയം :- തസ്വഭവ – പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ ത്രൈമാസ ഓഡിറ്റ്-ഭൗതിക പരിശോധന കൂടി ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്

സൂചന :-1.കേരള പഞ്ചായത്ത് രാജ് (പരിശോധനയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ
2. കൊല്ലം ജില്ലയിലെ ഇട്ടിവാ ഗ്രാമ പഞ്ചായത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിലെ ശുപാർശകൾ

---

കേരള പഞ്ചായത്ത് രാജ് (പരിശോധനയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ 6-ാം ഖണ്ഡിക പ്രകാരം പെർഫോമൻസ് ഓഡിറ്റ് വിഭാഗം ഓരോ ത്രൈമാസത്തിലും പരിശോധനക്ക് വിധേയമാക്കേണ്ട സംഗതികൾ വ്യക്തമാക്കിയിട്ടുണ്ട്. ആയതിലെ 16-ാം ക്രമ നമ്പർ പ്രകാരം "കരാർ പണികളും മറ്റ് മരാമത്ത് പണികളും ചട്ടപ്രകാരം നടത്തുന്നുണ്ടോ" എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ് എന്നതാണ്.

സംസ്ഥാനതലത്തിൽ വിവിധ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെയും സൂചന 2 പ്രകാരം കൊല്ലം ജില്ലയിലെ ഇട്ടിവാ ഗ്രാമ പഞ്ചായത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നേരിട്ട് നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ വിവിധ പ്രോജക്ടുകളുടെ ഫയൽ പരിശോധനയും ധനകാര്യ വിശകലനവും മാത്രമാണ് ചില പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നിർവ്വഹിക്കുന്നതെന്നും പ്രസ്തുത പ്രോജക്ടുകളുടെ ഭൗതിക പുരോഗതിയോ, പൂർത്തീകരണ റിപ്പോർട്ടുകളോ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് (പരിശോധനയും ആഡിറ്റ് സംവിധാനവും) ചട്ടം 6-ാം ഖണ്ഡികയിലെ 16-ാം ക്രമ നമ്പരിലെ ചുമതലകളുടെ കൂട്ടത്തിൽ പ്രോജക്ട് ഫോറങ്ങളുടെ പരിശോധനയും ധനകാര്യ വിശകലനങ്ങളും നടത്തുന്നതിനോടൊപ്പം ഒരു ഭൗതിക പരിശോധന കൂടി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നേരിൽ കണ്ട് നിർവ്വഹിക്കേണ്ടതും പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിലുള്ള ഭൗതിക നേട്ടം വിലയിരുത്തേണ്ടതും ഓരോ ത്രൈമാസ റിപ്പോർട്ടിനോടുമൊപ്പം ശതമാനക്കണക്കിലും സ്റ്റേജ് അടിസ്ഥാനത്തിലും ഉൾപ്പെടുത്തേണ്ടതുമാണ്.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:

എല്ലാ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾക്കും
എല്ലാ തദ്ദേശ സ്ഥാപന പ്രസിഡന്റുമാർക്കും
എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും
പഞ്ചായത്ത് ഡയറക്ടർ/ റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ/ഡയറക്ടർ, അർബൻ അഫയേഴ്സ്/ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ